ശമ്പള കുടിശ്ശികയും പെൻഷൻ ആനുകൂല്യവും നൽകുന്നതിന് നടപടി

137 (3688) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 24-4-1967-ൽ സർക്കാർ പുറപ്പെടുവിച്ച ജി.ഒ.(ആർടി.)1095/67/ ഇഡിഎൻ. ഉത്തരവിന് എന്തെങ്കിലും ഭേദഗതി സർക്കാർ വരുത്തിയിട്ടുണ്ടോ ;

(ബി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ ജോലി ചെയ്ത് റിട്ടയർ ചെയ്ത ഡ്രൈവർ ശ്രീ. ശ്രീവത്സൻ തന്റെ ശമ്പള കുടിശ്ശികയും പെൻഷൻ ആനുകൂല്യങ്ങളും ലഭിക്കാത്തത് സംബന്ധിച്ച് സർക്കാരിൽ നിവേദനം സമർപ്പിച്ചിട്ടുണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(സി) ശ്രീ. ശ്രീവത്സന് ശമ്പള കുടിശ്ശികയും പെൻഷൻ ആനുകൂല്യങ്ങളും ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1967-ലെ ജി.ഒ.(ആർ.ടി) 1095/67/ഇഡിഎൻ. ലഭ്യമല്ല.

(ബി) ശ്രീ. ശ്രീവത്സന്റെ പെൻഷനും മറ്റ് റിട്ടയർമെന്റ് ആനുകൂല്യങ്ങളും സംബന്ധിച്ചുള്ള പ്രൊപ്പോസൽ അക്കൗണ്ടന്റ് ജനറലിന്റെ പരിഗണനയ്ക്കായി 17-3-2003-ൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ നിന്നും അയച്ചിട്ടുണ്ട്.

(സി) അക്കൗണ്ടന്റ് ജനറലിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് എത്രയും വേഗം ശ്രീവത്സന്റെ ആനുകൂല്യങ്ങൾ നൽകുന്നതാണ്.

സ്റ്റേറ്റ് ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിനുള്ള നടപടി

138 (3699) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ദിഷ്ട കേരള സ്റ്റേറ്റ് ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായി ;

(ബി) പ്രസ്തുത യൂണിവേഴ്സിറ്റിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയവർ ആരെല്ലാമെന്ന് വ്യക്തമാക്കാമോ ;

(സി) കേരള സ്റ്റേറ്റ് ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം ഈ വർഷം ആരംഭിക്കുമോ ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) പ്രോജക്ട് റിപ്പോർട്ടിന്മേൽ ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെയും ധനകാര്യ വകുപ്പിന്റെയും അഭിപ്രായങ്ങൾ ലഭിച്ചതിന് അനുസരണമായി തുടർനടപടികൾ കൈക്കൊണ്ടുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly